नारियल विकास बोर्ड
(कृषि एवं किसान कल्याण मंत्रालय, भारत सरकार)
केरा भवन, कोची - 682 011, भारत
COCONUT DEVELOPMENT BOARD
(Ministry of Agriculture & Farmers Welfare, Government of India)
Kera Bhavan, SRV Road, Kochi – 682 011, India
Email:cdbpub@gmail.com, Web:www.coconutboard.gov.in

फैक्स Fax : 91-484-2377902
टेलिग्राम Telegram:KERABOARD
दूरभाष Telephones
अध्यक्ष Chairman: 2375216
मु.ना.वि.अ.CCDO: 2375999
निदेशक Director : 2375237
सचिव Secretary : 2377737
कार्यालय Office : 2376265
2377266
2377267

## പ്രസ്സ് റിലീസ്

**തെങ്ങു പുതുകൃഷി പദ്ധതി: ഉദ്യോഗസ്ഥർ ജില്ലയിൽ എത്തി അപേക്ഷ സ്വീകരിക്കും**

ഇടുക്കി : നാളികേര വികസന ബോർഡിന്റെ 2022 - 23 സാമ്പത്തിക വർഷത്തെ തെങ്ങു പുതുകൃഷി പദ്ധതിയുടെ സബ്സിഡി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ കർഷകർക്കു ലഭ്യമാക്കുവാനും, അപേക്ഷകൾ നേരിട്ടു സ്വീകരിക്കുവാനും ജനുവരി 27ാം തീയതി രാവിലെ 10 മണിയ്ക്ക് ഇടുക്കി ഉടുമ്പനൂർ പി.കെ ഡെക്കറേഷൻ ഹാളിൽ വെച്ച് അവസരമൊരുക്കുന്നു.

സ്വന്തമായി 25 സെന്റ് കൃഷിഭൂമിയെങ്കിലും കൈവശമുള്ള കർഷകർക്ക് ഈ പദ്ധതി പ്രകാരമുള്ള സബ്സിഡിക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ 10 തെങ്ങിൻ തൈകൾ എങ്കിലും നട്ട് പരിപാലിക്കുന്നവരാകണം. നടുന്ന തെങ്ങിനം (നെടിയ/കുറിയ/സങ്കര), ഭൂപ്രദേശം (സാധാരണ/ കുന്നിൻ പ്രദേശം/ ഷെഡ്യൂൾഡ്) എന്നിവ കണക്കിലെടുത്ത് ഹെക്ടറിന് 6500 രൂപ മുതൽ 15000 രൂപ വരെ രണ്ടു വർഷത്തേയ്ക്ക് സബ്സിഡി ലഭിക്കും. ഒരാൾക്ക് പരമാവധി നാലു ഹെക്ടറിനു വരെ സബ്സിഡിക്ക് അർഹതയുണ്ട്.

സബ്സിഡിക്കുള്ള അപേക്ഷാ ഫാറങ്ങൾ ബോർഡിന്റെ വെബ് സൈറ്റിൽ നിന്നു ലഭിക്കും. (ഒന്നാം വർഷം - https://coconutboard.gov.in/docs/AEPap/M1.pdf, രണ്ടാം വർഷം- https://coconutboard.gov.in/docs/AEPap/M2.pdf).

പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ജില്ലയിൽ എത്തുന്ന ബോർഡ് ഉദ്യോഗസ്ഥരെ ഏൽപ്പിക്കാവുന്നതാണ്. അന്ന് അപേക്ഷാ ഫോറങ്ങളുടെ വിതരണവും ഉണ്ടായിരിക്കും. കഴിഞ്ഞ സാമ്പത്തിക വർഷം സബ്സിഡി ലഭിച്ചവരിൽ നിന്ന് (കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തോടൊപ്പം) രണ്ടാം വർഷത്തെ സബ്സിഡിക്കുള്ള അപേക്ഷയും തദവസരത്തിൽ സ്വീകരിക്കുന്നതാണ്. തെങ്ങ് പുതുകൃഷി പദ്ധതിയുടെ വിശദാംശങ്ങൾ ബോർഡിന്റെ വെബ്സൈറ്റിൽ നിന്നും ലഭിക്കും.

കൊച്ചി
25.01.2023

മിനി മാത്യൂ
അസിസ്റ്റന്റ് ഡയറക്ടർ
പബ്ലിസിറ്റി ആന്റ് പബ്ലിക് റിലേഷൻസ്

**തെങ്ങു പുതുകൃഷി പദ്ധതി: ഉദ്യോഗസ്ഥർ ജില്ലകളിൽ എത്തി അപേക്ഷ സ്വീകരിക്കും**

കൊച്ചി: നാളികേര വികസന ബോർഡിന്റെ 2022– 23 സാമ്പത്തിക വർഷത്തെ തെങ്ങു പുതികൃഷി പദ്ധതിയുടെ സബ്സിഡി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ കർഷകർക്കു ലഭ്യമാക്കുവാനും, അപേക്ഷകൾ നേരിട്ടു സ്വീകരിക്കുവാനും സംസ്ഥാന കൃഷിവകുപ്പുമായി സഹകരിച്ചു ബോർഡ് ഉദ്യോഗസ്ഥർ വരും മാസങ്ങളിലായി ജില്ലകളിൽ എത്തും.

സ്വന്തമായി 25 സെന്റ് കൃഷിഭൂമിയെങ്കിലും കൈവശമുള്ള കർഷകർക്ക് ഈ പദ്ധതി പ്രകാരമുള്ള സബ്സിഡിക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ 10 തെങ്ങിൻ തൈകൾ എങ്കിലും നട്ട് പരിപാലിക്കുന്നവരാകണം. നടുന്ന തെങ്ങിനം( നെടിയ/കുറിയ/സങ്കര), ഭൂപ്രദേശം(സാധാരണ/ കുന്നിൻ പ്രദേശം/ ഷെഡ്യൂൾഡ്) എന്നിവ കണക്കിലെടുത്ത് ഹെക്ടറിന് 6500 രൂപ മുതൽ 15000 രൂപ വരെ രണ്ടു വർഷത്തേയ്ക്ക് സബ്സിഡി ലഭിക്കും. ഒരാൾക്ക് പരമാവധി നാലു ഹെക്ടറിനു വരെ സബ്സിഡിക്ക് അർഹതയുണ്ട്. സബ്സിഡിക്കുള്ള അപേക്ഷാ ഫാറങ്ങൾ ബോർഡിന്റെ വെബ് സൈറ്റിൽ നിന്നു ലഭിക്കും. ( ഒന്നാം വർഷം- https://coconutboard.gov.in/docs/AEPap/M1.pdf, രണ്ടാം വർഷം- https://coconutboard.gov.in/docs/AEPap/M2.pdf)

പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ജില്ലയിൽ എത്തുന്ന ബോർഡ് ഉദ്യേഗസ്ഥരെ ഏൽപ്പിക്കാവുന്നതാണ്. അന്ന് അപേക്ഷാ ഫാറങ്ങളുടെ വിതരണവും ഉണ്ടായിരിക്കും. കഴിഞ്ഞ സാമ്പത്തിക വർഷം സബ്സിഡി ലഭിച്ചവരിൽ നിന്ന് (കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തോടൊപ്പം) രണ്ടാം വർഷത്തെ സബ്സിഡിക്കുള്ള അപേക്ഷയും തദവസരത്തിൽ സ്വീകരിക്കുന്നതാണ്.

ബോർഡ് ഉദ്യോഗസ്ഥരുടെ വിവിധ ജില്ലകളിലെ സന്ദർശന പരിപാടി, തിയതി, സ്ഥലം തുടങ്ങിയ വിശദാംശങ്ങൾ കൃഷിവകുപ്പു ഉദ്യോഗസ്ഥരു മായി തീരുമാനിച്ച ശേഷം ബോർഡിന്റെ വെബ് സൈറ്റിൽ അപ്ഡേറ്റു ചെയ്യുന്നതായിരിക്കും (https://coconutboard.gov.in).

21/12/22

E.P.P.

**Campaign for Expansion of Area under Coconut (AEP) Scheme: Visit by Officials of Coconut Development Board to districts and receiving applications**

Board officials will reach the districts in the coming months to provide the details of the Coconut Development Board's scheme "Expansion of Area under Coconut" during 2022-23 financial year, including subsidies to the farmers and receiving duly filled/certified applications from farmers directly. The visit will be finalized in consultation with Officials of State Department of Agriculture /Horticulture.

Any farmer who is having minimum 25 cents (0.1 ha) of land, and has planted minimum 10 coconut seedlings (Tall/Dwarf/ Hybrid) in his land can avail the benefit in 2 annual installments. Eligible subsidy ranges from ₹6,500/ha to ₹15,000/ha depending on land area type (normal, hilly, scheduled) and plant variety (tall, dwarf, hybrid). A person is eligible for subsidy up to a maximum of 4 hectares.

Application forms for subsidy are available from the website of the Board

(1st year: https://coconutboard.gov.in/docs/aepappeng.pdf

2nd year: https://coconutboard.gov.in/docs/aepape2.pdf

Duly filled/certified applications can be handed over to the Board officials. Interested farmers can collect application forms also. Certified applications for second year subsidy will also be accepted from those who have received subsidy in previous financial year.

The details of the campaign program, date, venue, etc. of the Board officials to various districts will be finalized in consultation with the State Department Officials of the Agriculture/Horticulture Department and updated on the Board's Website (https://coconutboard.gov.in).